# പ്രാദേശിക വികസന മാതൃകകൾ:

## ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

### തൃശ്ശൂർ ജില്ല


**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**

മുളങ്കുന്നത്തുകാവ്, തൃശൂർ - 680581

ഫോൺ : 0487-2207000 (ഓഫീസ്)

0487-2201312(ഡയറക്ടർ), 2201062(ഫാക്സ്)

ഇ-മെയിൽ : mail@kilaonline.org

ജൂൺ 2014

**പ്രാദേശിക വികസന മാതൃകകൾ**
ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്
ജൂൺ 2014

*ചീഫ് എഡിറ്റർ*
**ഡോ. പി.പി. ബാലൻ**
ഡയറക്ടർ, കില

*എഡിറ്റർ*
**ഡോ. ജെ.ബി. രാജൻ**
കോഴ്സ് ഡയറക്ടർ, കില

*അസോസിയേറ്റ് എഡിറ്റർ*
**പ്രതാപ്സിംഗ് എ.എസ്**
ട്രെയിനിംഗ് അസ്സോസിയേറ്റ്, കില

*ഡോക്യുമെന്റേഷൻ*
**അനിൽകുമാർ പി.വൈ**
എക്സ്റ്റൻഷൽ ഫാക്കൽറ്റി, കില

*സാങ്കേതിക സഹായം*
**ശുഭ സുനിൽ**
പ്രസിഡന്റ്,
ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

**ഇ.എ. രാജൻ**
സെക്രട്ടറി,
ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

**എൻ.ജി. ദിനേശൻ**
അസി.സെക്രട്ടറി,
ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

**ജിൻസി പോൾ ആലപ്പാട്ട്**
സീനിയർ ക്ലാർക്ക്,
ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

*ഡി.ടി.പി*
**സുലോചന. സി.കെ.**

*ലേയൗട്ട് & കവർ ഡിസൈൻ*
**ഉസ്മാൻ കുട്ടോത്ത്**

പ്രസാധനം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശൂർ 680581
ഫോൺ : 0487-2207000(ഓഫീസ്)
0487-2201312(ഡയറക്ടർ), 2201062(ഫാക്സ്)
ഇ-മെയിൽ : mail@kilaonline.org

അച്ചടി
കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ്
ഫോൺ : 0487-2200391

**Local Development Models**
Engandiyur Grama Panchayat
June 2014

*Chief Editor*
**Dr. P.P.Balan**
Director, KILA

*Editor*
**Dr. J.B.Rajan**
Course Director, KILA

*Associate Editor*
**Prathapsingh A.S.**
Training Associate, KILA

*Documentation*
**Anilkumar P.Y.**
Extension Faculty, KILA

*Technical Support*
**Subha Sunil**
President,
Engandiyur Grama Panchayat

**E.A. Rajan**
Secretary,
Engandiyur Grama Panchayat

**N.G. Dinesan**
Assi.Secretary,
Engandiyur Grama Panchayat

**Jincy Paul Alapat**
Senior Clerk,
Engandiyur Grama Panchayat

*D.T.P.*
**Sulochana.C.K.**

*Layout & Cover Design*
**Usman Kuttoth**

Published by

**Kerala Institute of Local Administration**
Mulamkunnathukavu, Thrissur – 680581
Phone: 0487-2207000 (Office)
0487-2201312 (Director), 2201062 (Fax)
e-mail: mail@kilaonline.org

Printed at
Co-operative Press, Mulamkunnathukavu
Ph: 0487-2200391

# മുഖക്കുറി

**വി**കേന്ദ്രീകൃതാസൂത്രണത്തിന്റെ അനുഭവ പാഠങ്ങൾ ഉൾക്കൊണ്ട് നൂതന മാതൃകാപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ഒട്ടേറെ ഗ്രാമ പഞ്ചായത്തുകൾ കേരളത്തിലുണ്ട്. പ്രാദേശിക ആസൂത്രണത്തിന്റെ പ്രസക്തി അനുഭവവേദ്യമാക്കിത്തരുന്ന നിരവധി പദ്ധതികൾ പഞ്ചായ ത്തുകൾ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികൾ മറ്റു ഗ്രാമപ ഞ്ചായത്തുകൾക്ക് പരിചയപ്പെടുത്തുകയാണ് 'കില'യുടെ 'പഞ്ചായ ത്തിൽ നിന്നും പഞ്ചായത്തിലേക്ക്' എന്ന പരിപാടി.

മാതൃകാപരമായ പദ്ധതികൾ നേരിൽകണ്ട് പഠിക്കുന്നതിനും അനുക രണ സാധ്യതകൾ ആരായുന്നതിനും ഈ പഠനസന്ദർശന പരിപാടിയി ലൂടെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അവസരം ലഭിക്കും. നവീന വികസന മാതൃകകൾ വിഭാവന ചെയ്യുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുകരണീയമാക്കാവുന്ന ചില മാതൃകാ പദ്ധതി കൾ പഠനവിധേയമാക്കി അവതരിപ്പിക്കുകയാണ് ഈ കൈപ്പുസ്തകം.

പ്രവർത്തന മികവുകൊണ്ട് തൃശൂർ ജില്ലയിലെ ഏങ്ങണ്ടിയൂർ ഗ്രാമപ ഞ്ചായത്ത് നടപ്പാക്കിയിട്ടുള്ള ഏഴ് പദ്ധതികളാണ് ഈ കൈപ്പുസ്തക ത്തിലൂടെ പരിചയപ്പെടുത്തുന്നത്. ഗ്രാമസ്വരാജ് അവാർഡിന് 2013 ൽ തൃശൂർ ജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്ത് കൂടിയാണിത്. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ അനുഭവപാഠം ഈ പഠനസന്ദർശന പരിപാടിയിൽ പങ്കെടുക്കുന്ന ഗ്രാമപഞ്ചായത്തു കൾക്ക് സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു.

ഡോക്യുമെന്റേഷനും പഠനസന്ദർശന പരിപാടികൾക്കും നേതൃത്വം നൽകുന്ന കിലയുടെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജെ.ബി. രാജൻ, ഡോക്യുമെന്റേഷൻ നിർവ്വഹിച്ച കില എക്സ്റ്റൻഷൻ ഫാക്കൽറ്റി അനിൽകുമാർ പി.വൈ., ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

**ഡോ. പി.പി. ബാലൻ**
ഡയറക്ടർ, കില

ജൂൺ 2014

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് - ആമുഖം | 1 |
| 2. | പൊതുവിവരങ്ങൾ | 3 |
| 3. | വിഭവസ്രോതസ്സുകളും വകയിരുത്തലുകളും | 7 |
| 4. | മാതൃകാ പദ്ധതികൾ | 9 |
| 4.1. | പ്രാഥമിക ആരോഗ്യകേന്ദ്രം - വികസന പദ്ധതി | 10 |
| 4.2. | പകൽ വീടും ഇച്ചാക്കൻ മാസ്റ്റർ സ്മാരക കുട്ടികളുടെ പാർക്കും | 14 |
| 4.3. | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | 17 |
| 4.4. | 'ഗണിതം ലളിതം' പഠന പാക്കേജ് | 20 |
| 4.5. | സംയോജിത ഖരമാലിന്യ സംസ്കരണ പദ്ധതി | 24 |
| 4.6. | മഴപ്പൊലിമ | 27 |
| 4.7. | അങ്കണവാടി സമഗ്രവികസന പദ്ധതി | 30 |

# 1. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് – ആമുഖം

**കേ**രളത്തിന്റെ പരമ്പരാഗത കാർഷിക വിളയുമായി ബന്ധപ്പെട്ട രണ്ടു പേരുകൾ ലോപിച്ചുണ്ടായ സ്ഥലനാമമാണ് ഏങ്ങണ്ടിയൂർ. തേങ്ങ (നാളികേരം) അണ്ടി (കശുവണ്ടി) എന്നീ രണ്ടു കൃഷി വിളകൾ ചേർന്ന പ്പോൾ ഏങ്ങണ്ടിയൂർ എന്ന വിളിപ്പേര് വന്നു എന്നതാണ് ഈ പ്രദേശ വുമായി ബന്ധപ്പെട്ട ചരിത്രം. ഭൂപ്രകൃതിയും പാരസ്ഥിതിക സാമൂഹിക സാംസ്കാരിക സവിശേഷതകളുൾക്കൊണ്ട് ഏറെ ശ്രദ്ധേയമായ പ്രദേശമാണിത്. ഈ ഭൂപ്രദേശം നദീതീരമായതിനാൽ കച്ചവടത്തിനായി കടൽ കടന്നെത്തിയ അറബികൾ നദീതീരം എന്നർത്ഥമുള്ള 'ഷതവാ' എന്ന നാമകരണം ചെയ്യുകയും തുടർന്ന് വാമൊഴിയായും വരമൊഴി യായും 'ചേറ്റുവാ' എന്ന് പ്രചരിക്കുകയും ചെയ്തു. ചേര രാജാക്ക ന്മാരുടെ ഭരണകാലത്തുതന്നെ 'ഷതവാ' അഥവാ 'ചേറ്റുവ' എന്ന സ്ഥലം റോമക്കാർ, ഗ്രീക്കുകാർ, അറബികൾ, ചൈനക്കാർ എന്നീ ദേശ ക്കാർക്കും സുപരിചിതവും മുസിരിസിലെത്തുന്നതിന് മുമ്പുള്ള ഇട ത്താവളവുമായിരുന്നു. ചേറ്റുവ ഈ ഗ്രാമപഞ്ചായത്തിന്റെ ഭാഗമാണ്.

തൃശ്ശൂരിൽ നിന്നും 25 കിലോമീറ്റർ പടിഞ്ഞാറ് മാറി അറബിക്കടലിന്റെ തീരത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന തീരപ്രദേശ ഗ്രാമപഞ്ചായത്താണി ത്. ഭൂമിശാസ്ത്രപരമായി വടക്ക് – കിഴക്ക് ഭാഗങ്ങൾ പുഴയാലും പടി ഞ്ഞാറ് കടലിനാലും ചുറ്റപ്പെട്ടു കിടക്കുന്നതിനാൽ ഇതൊരു ഉപദ്വീപ് കൂടിയാണ്. ശരാശരി കടൽ നിരപ്പിൽ നിന്നും അൽപ്പം താഴ്ന്ന പൊതുവെ നിരപ്പായ സ്ഥലങ്ങളാണ് ഏറെയും. ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനം പൊക്കുളങ്ങരയാണ്.

മത്സ്യതൊഴിലാളികളും മറ്റ് പരമ്പരാഗത തൊഴിൽ മേഖലയിൽ പണി യെടുക്കുന്നവരും ഇടകലർന്ന ഈ ഗ്രാമപഞ്ചായത്തിൽ ഗൾഫ് മലയാ ളികളുടെ സാന്നിദ്ധ്യം ഏറെയാണ്. ചേറ്റുവ അഴിമുഖത്തോട് ചേർന്നുള്ള ചേറ്റുവ പുഴ, കനോലി കനാൽ, ചെറുപുഴകൾ എന്നിവയുടെ തീരത്തെ ഏറെ ജനങ്ങളും മത്സ്യബന്ധനം, മത്സ്യസംസ്കരണം, മത്സ്യവിൽപ്പന എന്നി തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്.

ചേറ്റുവ അഴിമുഖത്ത് ഫിഷ്‌ലാന്റിംഗ് സെന്റർ സ്ഥാപിച്ചതോടെ ഗ്രാമപഞ്ചായത്തിന് പുറത്ത് നിന്നുള്ളവരും ഇവിടെ മത്സ്യബന്ധനത്തിനായി എത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ എല്ലാ ഭൂപ്രദേശങ്ങളിലും രണ്ടു മുതൽ മൂന്നു മീറ്റർ വരെ താഴ്ചയിൽ ഭൂഗർഭജലം ലഭ്യമാണ്. എന്നാൽ ചുറ്റും ചേറ്റുവ പുഴയുടെ സാന്നിദ്ധ്യം മൂലം കിണറുകളിലെല്ലാം ഉപ്പിന്റെ സാന്നിദ്ധ്യം ഉണ്ടാക്കുന്നു. അതുകൊണ്ടുതന്നെ കുടിവെള്ള പ്രശ്നം രൂക്ഷവുമാണ്. വേലിയേറ്റമുണ്ടാകുമ്പോൾ ഉപ്പ് വെള്ളം കയറി കൃഷിനാശവും സംഭവിക്കുന്നു.

പ്രാദേശിക വിഭവ സമാഹരണത്തിലൂടെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണ വികസന പരിപാടികൾ ശ്രദ്ധേയമാണ്. പ്രാഥമികാരോഗ്യ കേന്ദ്രം, പകൽ വീട്, കുട്ടികളുടെ പാർക്ക് എന്നിവയ്ക്ക് പൊതുജന പങ്കാളിത്തത്തോടെ ഭൂമിവാങ്ങിക്കൊണ്ട് യാഥാർത്ഥ്യമാക്കിയ പദ്ധതി അനുകരണീയ മാതൃകകളാണ്.

| | | |
|---|---|---|
| ഓഫീസ് | : | 0487-2290274 |
| പ്രസിഡന്റ് | : | 9496046094 (M) |
| സെക്രട്ടറി | : | 9496046095 (M) |
| email | : | engandiyurgp@gmail.com |


# 2. പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | ഏങ്ങണ്ടിയൂർ |
| രൂപീകൃത വർഷം | : | 1961 |
| വിസ്തീർണ്ണം | : | 15.68 ച.കി.മീ. |
| വാർഡുകളുടെ എണ്ണം | : | 16 |
| ജനസംഖ്യ | : | 23,329 (2011 സെൻസസ്) |
| പുരുഷന്മാർ | : | 10,645 |
| സ്ത്രീകൾ | : | 12,684 |
| പട്ടികജാതി | : | 5362 |
| പുരുഷന്മാർ | : | 2598 |
| സ്ത്രീകൾ | : | 2764 |
| പട്ടിക വർഗ്ഗം | : | 9 |
| പുരുഷന്മാർ | : | 5 |
| സ്ത്രീകൾ | : | 4 |
| ജില്ല | : | തൃശ്ശൂർ |
| താലൂക്ക് | : | ചാവക്കാട് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ഏങ്ങണ്ടിയൂർ, വാടാനപ്പള്ളി, കടപ്പുറം |
| ബ്ലോക്ക് | : | തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് |
| ഡിവിഷനുകൾ | : | ചേറ്റുവ, തിരുമംഗലം, ആയിരംകണ്ണി |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | : | തളിക്കുളം |
| നിയമസഭാ മണ്ഡലം | : | ഗുരുവായൂർ |
| ലോക്സഭാ മണ്ഡലം | : | തൃശൂർ |

**അതിരുകൾ:**

| | | |
|---|---|---|
| വടക്ക് | : | ഒരുമനയൂർ ഗ്രാമപഞ്ചായത്ത് (ചേറ്റുവ പുഴ) |
| തെക്ക് | : | വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | കനോലി കനാൽ (ചേറ്റുവ പുഴ) |
| പടിഞ്ഞാറ് | : | അറേബ്യൻ കടൽ |

## 2.1 ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് ഭൂപടം



## 2.2. ഗ്രാമപഞ്ചായത്ത് ഭരണസമിതി (2010 - 2015)

| വാർഡ് നമ്പർ | വാർഡിന്റെ പേര് | ജനപ്രതിനിധി |
|---|---|---|
| 1. | ചേറ്റുവ | - സുമയ്യ സിദ്ദിഖ് |
| 2. | വടക്കുംമുറി | - ലസിക ടീച്ചർ (ചെയർപേഴ്സൺ ആരോഗ്യം, വിദ്യാഭ്യാസം) |
| 3. | പുളിക്കകടവ് | - ഇ. രണദേവ് |
| 4. | പുളിഞ്ചോട് | - സിന്ധു ജയപ്രകാശ് |
| 5. | ശ്രീനാരായണ | - പ്രീത സജീവ് |
| 6. | വേട്ടയ്ക്കൊരുമകൻ | - സുധ കെ.ബി. |
| 7. | മാർക്കറ്റ് | - സുനിത മോഹനൻ |
| 8. | എൻ.എച്ച്.എസ് | - ദിവാകരൻ വി.കെ. (നാഷണൽ ഹൈസ്കൂൾ) |
| 9. | ആയിരം കണ്ണി | - ശുഭ സുനിൽ (പ്രസിഡന്റ്) |
| 10. | തിരുനാരായണ | - സതീഷ് പനക്കൽ - (ചെയർമാൻ, ക്ഷേമകാര്യം) |
| 11. | പോളയ്ക്കൽ | - വിശ്വംഭരൻ നെമ്പട്ടി |
| 12. | തിരുമംഗലം | - അജിത കെ.വി |
| 13. | ഫിഷറീസ് | - എ.സി. സജീവ് |
| 14. | ഏത്തായ് | - വേലായുധൻ ടി.കെ. (വൈസ് പ്രസിഡന്റ്) |
| 15. | നേതാജി | - ഗോപി. ടി.എം. |
| 16. | കോട്ട | - വിനീത ടീച്ചർ |
| | സെക്രട്ടറി | - ഇ.എ.രാജൻ |
| | അസിസ്റ്റന്റ് സെക്രട്ടറി | - എൻ.ജി. ദിനേശൻ |

## 2.2. നിർവ്വഹണ ഉദ്യോഗസ്ഥർ

1. എം.വി. സനിൽകുമാർ - അസി.എഞ്ചിനീയർ
2. ഡോ. പി.പി. ഡിസ് - വെറ്ററിനറി സർജൻ
3. ഡോ. ഇ.കെ. ഗംഗാദേവി - മെഡിക്കൽ ഓഫീസർ ആയുർവ്വേദം
4. ഡോ. സുമതി ജയരാജൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി.
5. ദിവ്യ. ടി. ശങ്കർ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
6. സോഫി തോമസ് ടി. - ഹെഡ്മിസ്ട്രസ്, ജി.എം.യു.പി.എസ്., ചേറ്റുവ
7. മേരി ടി.എ. - ഐ.സി.ഡി.എസ്. സൂപ്പർവൈസർ
8. പ്രീത കെ.ആർ - കൃഷി ഓഫീസർ & പ്ലാൻ കോ-ഓർഡിനേറ്റർ
9. ചൈതന്യ. ഇ.ആർ. - ഫിഷറീസ് ഓഫീസർ

# 3. വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

## 3.1. പദ്ധതി അടങ്കൽ (2012-2013)

തുക (രൂപ)

| # | സ്രോതസ്സ് | വരവ് | ചെലവ് | ബാക്കി | % |
|---|---|---|---|---|---|
| 1. | വികസന ഫണ്ട് (ജനറൽ) | 65,45,000 | 65,45,000 | 0 | **100** |
| 2. | 13-ാം ധനകാര്യ കമ്മീഷൻ | 33,28,629 | 33,28,629 | 0 | **100** |
| 3. | ലോകബാങ്ക് ധനസഹായം | 20,12,408 | 20,12,408 | 0 | **100** |
| 4. | വികസന ഫണ്ട് (പട്ടികജാതി) | 82,78,290 | 82,22,818 | 55,472 | **99.33** |
| 5. | വികസന ഫണ്ട് (പട്ടിക വർഗ്ഗം) | - | - | - | - |
| 6. | റോഡ് മെയിന്റനൻസ് ഗ്രാന്റ് | 21,67,000 | 21,61,722 | 5,278 | **99.75** |
| 7. | നോൺ റോഡ് മെയിന്റനൻസ് | 15,20,000 | 15,12,776 | 7,224 | **99.52** |
| 8. | കേന്ദ്രാവിഷ്കൃത ഫണ്ട് | 6,65,432 | 6,65,432 | - | **100** |
| 9. | സംസ്ഥാനാവിഷ്കൃത ഫണ്ട് | 3,12,500 | 3,12,500 | - | **100** |
| 10. | തനത് ഫണ്ട് | 7,47,336 | 7,47,336 | - | **100** |
| 11. | ബ്ലോക്ക് പഞ്ചായത്ത് | 2,02,800 | 2,02,800 | - | **100** |
| 12. | ജില്ലാ പഞ്ചായത്ത് | 24,62,066 | 24,62,066 | - | **100** |
| 13. | എം.എൽ.എ. ഫണ്ട് | 8,52,396 | 8,52,396 | - | **100** |
| | **ആകെ** | **2,90,93,857** | **2,90,25,883** | **67974** | **99.5** |

**3.2. പദ്ധതി അടങ്കൽ (2013-2014)** തുക (രൂപ)

| # | സ്രോതസ്സ് | വരവ് | ചെലവ് | ബാക്കി | % |
|---|---|---|---|---|---|
| 1. | വികസന ഫണ്ട് (ജനറൽ) | 61,49,000 | 61,49,000 | 0 | **100** |
| 2. | 13–ാം ധനകാര്യ കമ്മീഷൻ | 36,08,000 | 36,08,000 | 0 | **100** |
| 3. | ലോകബാങ്ക് ധനസഹായം | 21,07,405 | 21,06,288 | 1117 | **99.95** |
| 4. | വികസന ഫണ്ട് (പട്ടികജാതി) | 83,95,472 | 83,95,472 | 0 | **100** |
| 5. | വികസന ഫണ്ട് (പട്ടിക വർഗ്ഗം) | 19,000 | 19,000 | 0 | **100** |
| 6. | റോഡ് മെയിന്റനൻസ് ഗ്രാന്റ് | 28,27,278 | 28,18,705 | 8573 | **99.7** |
| 7. | നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് | 19,87,224 | 19,87,224 | 0 | **100** |
| 8. | കേന്ദ്രാവിഷ്കൃത ഫണ്ട് | 2,20,661 | 2,20,661 | 0 | **100** |
| 9. | സംസ്ഥാനാവിഷ്കൃത ഫണ്ട് | 3,12,500 | 3,12,500 | 0 | **100** |
| 10. | തനത് ഫണ്ട് | 21,43,403 | 21,43,403 | 0 | **100** |
| 11. | ബ്ലോക്ക് പഞ്ചായത്ത് | 1,76,680 | 1,76,680 | 0 | **100** |
| 12. | ജില്ലാ പഞ്ചായത്ത് | 27,97,120 | 27,97,120 | 0 | **100** |
| | **ആകെ** | **3,07,43,743** | **3,07,34,053** | **9,690** | **99.5** |

## 4. മാതൃകാ പദ്ധതികൾ

**ആമുഖം**

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മാതൃകാ പദ്ധതികളിൽ ഏറെ ശ്രദ്ധേയമായത് പ്രാദേശിക വിഭവസമാഹരണത്തിൽ കേന്ദ്രീകരിച്ച പ്രവർത്തനങ്ങളാണ്. ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായി ആസ്ഥാനം നിർമ്മിക്കുന്നതിനുള്ള വിഭവ സമാഹരണമാണ് ഇവയിൽ ശ്രദ്ധേയം. പ്രാദേശിക വിഭവസമാഹരണത്തിലൂടെ യഥാർത്ഥ്യമായ മറ്റു രണ്ട് പ്രോജക്ടുകളാണ് പകൽവീടും കുട്ടികളുടെ പാർക്കും.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിന് ഭൗതിക സാഹചര്യം ഒരുക്കിക്കൊണ്ട് ഫർണിച്ചർ നൽകിയതും ഗണിതശാസ്ത്ര പഠനത്തിൽ അഭിരുചി വളർത്താൻ നൽകിയ ഗണിതശാസ്ത്രികയും ഏറെ ശ്രദ്ധേയമായ മറ്റു രണ്ട് പ്രോജക്ടുകളാണ്. ഉറവിടത്തിൽതന്നെ മാലിന്യം സംസ്കരിച്ചുകൊണ്ട് ഗാർഹികാവശ്യത്തിന് 'പാചക വാതക ഗ്യാസ്' എന്ന പ്രോജക്ടും വിജയകരമായി പഞ്ചായത്ത് നടപ്പിലാക്കി.

ഗ്രാമപഞ്ചായത്തിലെ മിക്ക കിണറുകളിലും ഉപ്പിന്റെ സാന്നിദ്ധ്യം കൂടുതലാണ്. അതിന്റെ സാന്ദ്രത കുറക്കാൻ 'മഴപ്പൊലിമ' എന്ന പ്രോജക്ട് വിജയകരമായി നടപ്പിലാക്കി. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ 23 അങ്കണവാടികളിലും എം.പി. പ്രാദേശിക വികസന ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്താനായി. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന മികവിനുള്ള ഗ്രാമസ്വരാജ് അവാർഡിന് തൃശൂർ ജില്ലയിൽ 2012-13 ൽ ഒന്നാം സ്ഥാനം നേടാനായി എന്നതും അഭിനന്ദനീയമാണ്.

ഇതര ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കണ്ടുമടങ്ങുന്നവർക്ക് ഏതെങ്കിലും പദ്ധതികളോ പ്രവർത്തനങ്ങളോ തങ്ങളുടെ ഗ്രാമപഞ്ചായത്തുകൾക്കനുയോജ്യമാകുന്നവിധം രൂപപ്പെടുത്താനാകും.

# 4.1. പ്രാഥമിക ആരോഗ്യകേന്ദ്രം - വികസന പദ്ധതി

### 4.1.1. പദ്ധതിയുടെ പ്രസക്തി

ഒരു ജനതയുടെ വിദ്യാഭ്യാസത്തോടൊപ്പം ഏറെ ശ്രദ്ധിക്കേണ്ട മേഖലയാണ് ആരോഗ്യം. കേവലം ഒരു സബ്സെന്ററിൽ മാത്രം പ്രവർത്തിച്ചുവരുന്ന നിലവിലെ പ്രാഥമികാരോഗ്യകേന്ദ്രത്തെ ആധുനിക സജ്ജീകരണങ്ങളോടെ സ്ഥാപിക്കുകയെന്ന ഉദ്ദേശ്യത്തോടെ തുടക്കമിട്ട വിവിധ പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിലാണ് ഗ്രാമപഞ്ചായത്ത്. പൊതുജനങ്ങളുടെ സഹായത്തോടെ, പ്രാദേശിക വിഭവസമാഹരണത്തിലൂടെ, 15 സെന്റ് സ്ഥലം പുതുതായി വാങ്ങി പ്രാഥമികാരോഗ്യ കേന്ദ്രം നിർമ്മിക്കുന്ന പ്രോജക്ടാണിത്.

### 4.1.2. ഗുണഭോക്താക്കൾ

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ 23,329 പേർക്കും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സേവനം ലഭ്യമാക്കാൻ കഴിയുന്നു.




നിലവിൽ സബ്സെന്ററിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രം

### 4.1.3. പ്രവർത്തനങ്ങൾ

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്വന്തം ആസ്ഥാനം എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനം പൊതുജനത്തിന്റെ സഹകരണത്തോടെയാണ് പുരോഗമിക്കുന്നത്. നാളിതുവരെ ആധുനിക സൗകര്യങ്ങളോടെയുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രം എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന് ഇല്ലായിരുന്നു. താൽക്കാലികമായി ആരോഗ്യകേന്ദ്രം സബ്സെന്ററിലാണ് പ്രവർത്തിക്കുന്നത്. ഇതിനൊരുമാറ്റം സ്വന്തമായി ആസ്ഥാനം പണിയുന്നതോടെ സാധ്യമാകും. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച പി.എച്ച്.സി. വെൽഫയർ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രവർത്തനം. സെന്റിന് ഒരു ലക്ഷം രൂപ മതിപ്പുവിലയുള്ള 15 സെന്റ് സ്ഥലത്താണ് നിർദ്ദിഷ്ട ആസ്ഥാനം പണിയുന്നത്. കെട്ടിടത്തിനുള്ള ഫണ്ട് ഗുരുവായൂർ എം.എൽ.എ. ശ്രീ. കെ.വി. അബ്ദുൾ ഖാദറിന്റെ പ്രാദേശിക വികസന ഫണ്ടും, പാർശ്വസംരക്ഷണഭിത്തി ഗ്രാമപഞ്ചായത്തിന്റെ 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡു തുകയും ഉപയോഗിച്ചാണ് പ്രവർത്തനം.

പ്രാഥമികാരോഗ്യകേന്ദ്രം യാഥാർത്ഥ്യമാക്കാൻ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സഹകരണത്തോടെ 2012-13 ൽ പ്രാദേശികതലത്തിൽ രൂപീകരിച്ച പി.എച്ച്.സി. വെൽഫെയർ കമ്മിറ്റിയുടെ പ്രവർത്തനം ഏറെ ശ്രദ്ധേയമാണ്. ഭൂമി വാങ്ങുന്നതിനായി ജനപ്രതിനിധികളും പൗരപ്രമുഖരും ഉൾപ്പെട്ട സമിതി രൂപീകരിച്ചു.

രണ്ടു വർഷമായിരുന്നു വെൽഫെയർ കമ്മിറ്റിയുടെ കാലാവധി. ഇതിനുള്ളിൽ തന്നെ ഭൂമിക്കാവശ്യമായ 15 ലക്ഷം രൂപ സമാഹരിക്കാനും വ്യക്തികളിൽ നിന്നും സൗജന്യമായി 15 ലക്ഷം വിലയുള്ള സ്ഥലം തരപ്പെടുത്താനും ഈ കമ്മിറ്റിക്കു കഴിഞ്ഞു എന്നത് അഭിനന്ദനീയമാണ്.

### 4.1.4. നിർവ്വഹണം

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ പി.എച്ച്.സി. വെൽഫെയർ സമിതിയാണ് നിർവ്വഹണം.

എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് 281.09 $m^2$ വിസ്തീർണ്ണമാണ് കെട്ടിടത്തിന്റേത്. കെട്ടിടം പണിപൂർത്തിയാകുന്ന മുറക്ക് പ്രാഥമിക ആരോഗ്യകേന്ദ്രം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതാണ്.

രജിസ്ട്രേഷനും രോഗികൾക്കുള്ള കാത്തിരിപ്പുമുറി, ഒ.പി., പ്രതിരോധ കുത്തിവെയ്പ് മുറി, ഒബ്സർവേഷൻ മുറി, മെഡിക്കൽ ഓഫീസർ മുറി, ഡ്രസ്സിംഗ് മുറി, സ്റ്റോർ, ഫീൽഡ് സ്റ്റാഫുകൾക്കുള്ള മുറി, ഓഫീസ്, അടുക്കള, രണ്ട് ടോയ്‌ലറ്റ്, കോൺഫറൻസ് ഹാൾ എന്നിവയുടെ പണി യാണ് പുരോഗമിക്കുന്നത്.

**4.1.5. പദ്ധതി അടങ്കൽ**

പദ്ധതി അടങ്കലായി 1,23,70,000 കോടി (ഒരു കോടി ഇരുപത്തിമൂന്ന് ല ക്ഷത്തി എഴുപതിനായിരം) രൂപയാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

**പദ്ധതി അടങ്കൽ (2012-2013)**

| സ്രോതസ്സ് | തുക (രൂപ) |
|---|---|
| പ്രാദേശിക വിഭവസമാഹരണവും സൗജന്യ ഭൂമി ലഭ്യമാക്കലും | 30,00,000 |
| എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് (ശ്രീ.കെ.പി. അബ്ദുൾഖാദർ) | 90,00,000 |
| പഞ്ചായത്ത് വികസന ഫണ്ട് | 3,70,000 |
| **ആകെ** | **1,23,70,000** |

**പദ്ധതി വ്യയം (2012-2013)**

<table>
<tr><th>നമ്പർ</th><th colspan="2">ഇനം</th><th>തുക (രൂപ)</th></tr>
<tr><td>1.</td><td colspan="2">ഭൂമി വാങ്ങൽ-സൗജന്യ ഭൂമിയുടെ വില ഉൾപ്പെടെ</td><td>30,00,000</td></tr>
<tr><td>2.</td><td colspan="2">പാർശ്വഭിത്തി സംരക്ഷണം</td><td>3,70,000</td></tr>
<tr><td>3.</td><td>കെട്ടിടനിർമ്മാണം</td><td>82,39,903</td><td rowspan="6">90,00,000</td></tr>
<tr><td>4.</td><td>കെട്ടിട വൈദ്യുതീകരണം</td><td>2,77,000</td></tr>
<tr><td>5.</td><td>ഇലക്ട്രോണിക് സംവിധാനം</td><td>1,00,000</td></tr>
<tr><td>6.</td><td>മാലിന്യസംസ്കരണം</td><td>1,00,000</td></tr>
<tr><td>7.</td><td>മഴവെള്ള സംഭരണി</td><td>50,000</td></tr>
<tr><td>8.</td><td>നികുതി, മറ്റുള്ളവ</td><td>2,33,097</td></tr>
<tr><td></td><td colspan="2">ആകെ</td><td>1,23,70,000</td></tr>
</table>

### 4.1.6. നേട്ടങ്ങൾ

- ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യകേന്ദ്ര ത്തിന് ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആസ്ഥാനം
- തീരദേശമെന്ന നിലയിൽ ആരോഗ്യകേന്ദ്രങ്ങളുടെ പ്രാധാന്യം

### 4.1.7. വെല്ലുവിളികൾ/പരിമിതികൾ

- ഭരണ സാങ്കേതിക അനുമതി, ടെണ്ടർ ഉൾപ്പെടെയുള്ള മറ്റു നടപടിക്രമങ്ങൾ കാരണം കെട്ടിടനിർമ്മാണത്തിനുണ്ടായ കാല താമസം




പണി പൂരോഗമിക്കുന്ന ആധുനിക സൗകര്യങ്ങളോടു കൂടിയുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം

# 4.2. പകൽ വീടും ഇച്ചാക്കൻ മാസ്റ്റർ സ്മാരക കുട്ടികളുടെ പാർക്കും

## 4.2.1. പദ്ധതിയുടെ പ്രസക്തി

കുട്ടികളുടേയും പ്രായമായവരുടേയും ക്ഷേമത്തിനായി ആരംഭിച്ച പ്രോജക്ടാണ് പകൽ വീടും കുട്ടികളുടെ പാർക്കും. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ഇച്ചാക്കൻ മാസ്റ്ററുടെ ഓർമ്മക്കായിട്ടാണ് ഈ പ്രോജക്ട്. പിൻതലമുറക്കാരായ പട്ടാളി ദാമോദരൻ, ശിവശങ്കരൻ, പട്ടാളി മാധവൻ, അശോകൻ എന്നിവരിൽ നിന്നും സൗജന്യമായി ലഭിച്ച 14 സെന്റ് സ്ഥലത്തിലാണ് പ്രോജക്ട് വിഭാവന ചെയ്തിട്ടുള്ളത്. മാർക്കറ്റ് വില 35 ലക്ഷം രൂപ വിലമതിക്കുന്ന സ്ഥലം പ്രാദേശിക വിഭവസമാഹ രണത്തിലൂടെ തരപ്പെടുത്താനായതാണ് ഈ പദ്ധതിയുടെ വിജയമായി കാണുന്നത്.

## 4.2.2. ഗുണഭോക്താക്കൾ

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മുതിർന്ന പൗരർക്കും കുട്ടികൾക്കും ഈ പാർക്കിന്റെ സേവനം ലഭ്യമാണ്.



### 4.2.3. പ്രവർത്തനങ്ങൾ

വൃദ്ധർക്കും കുട്ടികൾക്കും വിനോദത്തിനായി പാർക്കും വൃദ്ധർക്കായി പകൽ വീടും ഒരു ക്യാമ്പസിൽ പ്രവർത്തിക്കുന്നത് ഏറെ ശ്രദ്ധേയമാണ്.

- പ്രായമുള്ള ആളുകൾക്ക് പകൽസമയം വിനോദത്തിനും, വിജ്ഞാനത്തിനുമായി ചെലവഴിക്കാൻ ഒരു കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.
- കുട്ടികൾക്ക് വിനോദത്തിനാവശ്യമായ ഉപകരണങ്ങൾ, രക്ഷാകർത്താക്കൾക്ക് ഇരിക്കുവാനും അനുബന്ധ സൗകര്യങ്ങൾക്കുമായി അലങ്കാര ചെടികളും, പുല്ലും നട്ടുപിടിപ്പിച്ച് ആകർഷണീയമാക്കിയിട്ടുണ്ട്.

### 4.2.4. നിർവ്വഹണം

2013-14 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കിയ ഈ പാർക്കിന്റെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു പ്രാദേശിക കമ്മിറ്റി രൂപീകരിക്കുവാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിൽ നിർവ്വഹിച്ച പ്രോജക്ടിന്റെ തുടർപ്രവർത്തനം ഈ കമ്മിറ്റിയുടെ നേതൃത്വത്തിലായിരിക്കും.

### 4.2.5. പദ്ധതി അടങ്കൽ

**പദ്ധതി അടങ്കൽ : പകൽവീട് (2013-2014)**

| വിഭവസ്രോതസ്സുകൾ | തുക (രൂപ) |
|---|---|
| വികസന ഫണ്ട് | 3,20,000 |
| 13-ാം ധനകാര്യ കമ്മീഷൻ | 63,000 |
| **ആകെ** | **3,83,000** |

**പദ്ധതി വ്യയം : പകൽവീട് (2013-2014)**

| നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1. | കെട്ടിടം | 2,90,000 |
| 2. | വൈദ്യുതീകരണം, പ്ലംബിംഗ് | 40,000 |
| 3. | ഫർണിച്ചർ, ടി.വി. | 14,000 |
| 4. | നികുതി, മറ്റുള്ളവ | 39,000 |
| **ആകെ** | | **3,83,000** |

**പദ്ധതി അടങ്കൽ :**
**ഇച്ചാക്കൻ മാസ്റ്റർ സ്മാരക കുട്ടികളുടെ പാർക്ക് (2013-2014)**

| വിഭവസ്രോതസ്സുകൾ | തുക (രൂപ) |
|---|---|
| KLGSDP (Kerala Local Government Service Delivery Project) - ധനസഹായം | 5,00,000 |
| 13-ാംധനകാര്യ കമ്മീഷൻ | 3,52,425 |
| വികസന ഫണ്ട് | 1,47,575 |
| **ആകെ** | **10,00,000** |

**പദ്ധതി വ്യയം :**
**ഇച്ചാക്കൻ മാസ്റ്റർ സ്മാരക കുട്ടികളുടെ പാർക്ക് (2013-2014)**

| നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1. | ചുറ്റുമതിൽ | 2,59,021 |
| 2. | കെട്ടിടം, സ്നാക് ബാർ, ടോയ്‌ലറ്റ് | 3,41,681 |
| 3. | പൂന്തോട്ടം | 30,000 |
| 4. | ഊഞ്ഞാൽ | 28,500 |
| 5. | മറീഗോ റൗണ്ട് | 66,000 |
| 6. | സ്ലൈഡ് | 38,500 |
| 7. | Climbing Toys | 55,000 |
| 8. | നികുതി, മറ്റുള്ളവ, പാർക്ക് ലൈറ്റുകൾ | 1,81,298 |
| **ആകെ** | | **10,00,000** |

### 4.2.6. നേട്ടങ്ങൾ

ഒഴിവുവേളകളിൽ വയോജനങ്ങൾക്കും കുട്ടികൾക്കും ഒത്തുകൂടാനും മാനസിക, വിനോദ ഉല്ലാസത്തിനും അതിലൂടെ ശാരീരിക മാനസിക ആരോഗ്യം നേടുന്നതിനും പ്രോജക്ടിലൂടെ കഴിയുന്നു.

### 4.2.7. വെല്ലുവിളികൾ/പരിമിതികൾ

പുതിയൊരു സംരംഭമെന്ന നിലയിൽ തുടർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ആശങ്ക. പകൽ വീട് കുട്ടികളുടെ പാർക്ക് എന്നിവ തുടർനടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതി ധാരണ ഉണ്ടാക്കാനായിട്ടില്ല.


# 4.3. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

### 4.3.1. പദ്ധതിയുടെ പ്രസക്തി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി വീട്ടിൽ പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുകയാണ് ഈ പ്രോജക്ട്. ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് ഏറെ സഹായകരമായ പ്രോജക്ടായി ഇതിനെ മാറ്റിയതായി രക്ഷിതാക്കൾതന്നെ സാക്ഷ്യപ്പെടുത്തുന്നു. പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ സൂക്ഷിക്കുന്നതിനും ചിട്ടയായി പഠനം നടത്തുന്നതിനും ഈ പ്രോജക്ട് ഏറെ സഹായകമായിട്ടുണ്ട്.

### 4.3.2. ഗുണഭോക്താക്കൾ

പട്ടികജാതി വിഭാഗത്തിലെ 154 വിദ്യാർത്ഥികൾ.



| ക്രമ നമ്പർ | വിദ്യാലയങ്ങൾ | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1. | ജി.എം.യു.പി. സ്കൂൾ, ചേറ്റുവ | 22 |
| 2. | ജി.എഫ്.യു.പി.എസ്. കോട്ടകടപ്പുറം | 11 |
| 3. | സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ | 37 |
| 4. | സെന്റ് മേരീസ് എൽ.പി. സ്കൂൾ | 9 |
| 5. | തിരുമംഗലം യു.പി. സ്കൂൾ | 22 |
| 6. | സെന്റ് തോമസ് എൽ.എസ്.സ്കൂൾ, ഏങ്ങണ്ടിയൂർ | 29 |
| 7. | തിരുമാരായണ എൽ.പി. സ്കൂൾ | 8 |
| 8. | നാഷണൽ ഹയർ സെക്കന്ററി സ്കൂൾ | 3 |
| 9. | ശ്രീനാരായണ യു.പി. സ്കൂൾ | 13 |
| | **ആകെ** | **154** |

**4.3.3. പ്രവർത്തനങ്ങൾ**

ഗ്രാമപഞ്ചായത്തിലെ ലോവർ പ്രൈമറി (Lower Primary) വിഭാഗത്തിലെ മൂന്നു മുതൽ ആറ് വരെ ക്ലാസ്സിലുള്ള വിദ്യാർത്ഥികളെയാണ് ഈ പ്രോജക്ടിൽ പ്പെടുത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ സർക്കാർ/ സർക്കാർ അംഗീകാരമുള്ള 9 വിദ്യാലയങ്ങളെയാണ് തെരഞ്ഞെടുത്തത്. 25,000 രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകൾക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 154 വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുത്തത്. അറകളോടുകൂടിയ ഒരു മേശയും ഒരു കസേരയുമാണ് നൽകിയിരിക്കുന്നത്. കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും 154 സ്റ്റീൽ മേശ, 154 ഫൈബർ കസേര എന്നിവ വാങ്ങി. സ്കൂൾ അധികൃതർ മുഖേനയാണ് ഫർണിച്ചറുകൾ വിതരണം ചെയ്തത്.

### 4.3.4. നിർവ്വഹണം

ഗ്രാമപഞ്ചായത്തിന്റെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള സമിതിയ്ക്കാണ് ഈ പദ്ധതിയുടെ നിർവ്വഹണം. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്നു.

### 4.3.5. പദ്ധതി അടങ്കൽ

പദ്ധതി അടങ്കൽ 6,34,920 രൂപയാണ്.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (2013-2014)**

| വിഭവസ്രോതസ്സുകൾ | തുക (രൂപ) |
|---|---|
| പട്ടികജാതി പ്രത്യേക ഘടക പദ്ധതി | 6,34,920 |

**പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (2013-2014)**

| ഇനം | തുക ഒരു യൂണിറ്റ് | ആകെ തുക (രൂപ) |
|---|---|---|
| സ്റ്റീൽ മേശ - 154 | 4,125 | 6,34,920 |
| കസേര - 154 | | |

### 4.3.6. നേട്ടങ്ങൾ

പട്ടികജാതി വിദ്യാർത്ഥികൾക്ക് വീട്ടിനുള്ളിൽ പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യം സൃഷ്ടിക്കാനായി.

### 4.3.7. വെല്ലുവിളികൾ/പരിമിതികൾ

പട്ടികജാതി വിഭാഗത്തിൽ മാത്രമല്ല മറ്റു പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കും പഠന നിലവാരം ഉയർത്താൻ ഫർണീച്ചർ ആവശ്യമാണ്. എന്നാൽ നടപ്പിലാക്കാനാകുന്നില്ല.

# 4.4. 'ഗണിതം ലളിതം' പഠന പാക്കേജ്

### 4.4.1. പദ്ധതിയുടെ പ്രസക്തി

ഗണിതശാസ്ത്രത്തിൽ അഭിരുചി വളർത്തുന്നതിന് പട്ടികജാതി വിഭാഗ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് 'ഗണിതം ലളിതം'. 'അബാക്കസ്'* സംഖ്യാശാസ്ത്ര നൈപുണി നേടുന്നതിന് ഒരു പരിധിവരെ പദ്ധതി സഹായിച്ചതായി വിദ്യാലയങ്ങളിലെ ഗണിത ശാസ്ത്ര അദ്ധ്യാപകർ അഭിപ്രായപ്പെടുന്നു.

### 4.4.2. ഗുണഭോക്താക്കൾ

| | | |
|---|---|---|
| ലോവർ പ്രൈമറി വിഭാഗം വിദ്യാർത്ഥികൾ | - | 66 |
| അപ്പർ പ്രൈമറി വിഭാഗം വിദ്യാർത്ഥികൾ | - | 89 |
| | | ---- |
| ആകെ | - | **155** |
| | | = = = |



* അബാക്കസ്: ഗണനയന്ത്രം (മണികൾ കമ്പികളിൽ കോർത്തിട്ടുള്ള കണക്കുകൂട്ടലി നുപയോഗിക്കുന്ന ചട്ടക്കൂട്)

### 4.4.3. പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിലെ ലോവർ പ്രൈമറി വിഭാഗത്തിൽ നാലാം ക്ലാസിലേയും അപ്പർ പ്രൈമറി വിഭാഗത്തിൽ ഏഴാം ക്ലാസിലേയും പട്ടികജാതി വിദ്യാർത്ഥികൾക്ക് 2013-14 അദ്ധ്യയന വർഷത്തിലാണ് ഈ പദ്ധതി വിഭാവന ചെയ്തത്. ഗണിതശാസ്ത്ര പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലിസ്റ്റ് വിദ്യാലയ മേധാവികളിൽ നിന്നും ലഭ്യമാക്കി. 'ഗണിതം ലളിതം' പദ്ധതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഗണിതശാസ്ത്ര ആക്ടിവിറ്റി മെറ്റീരിയൽസ് അടങ്ങുന്ന പഠന കിറ്റ് ഉപയോഗിച്ച് പ്രത്യേക പരിശീലനം നൽകി. ഇതിലൂടെ വിദ്യാർത്ഥികൾക്ക് ഗണിതാഭിമുഖ്യം വർദ്ധിപ്പിക്കുന്നു.

**ലോവർ പ്രൈമറി വിദ്യാർത്ഥികൾ – പഠന കിറ്റ്**

1. സ്പൈക്ഡ് അബാക്കസ്
2. ചതുഷ്ക്രിയാപാലകം
   (സങ്കലന, വ്യവകലന, ഗുണന, ഹരണ സെറ്റ്)
3. ഫ്രാക്ഷൻ സർക്കിൾ
4. പെഗ് ബോർഡ് വിത്ത് 100 പെഗ്സ്
5. സ്ഥാനവില സഞ്ചിക (മൂന്ന് ഡിജിറ്റ്)

**അപ്പർ പ്രൈമറി വിദ്യാർത്ഥികൾ – പഠന കിറ്റ്**

1. പോസിറ്റീവ് ആന്റ് നെഗറ്റീവ് ഇന്റിജേർസ് കോയിൻസ്
   (സങ്കലന, വ്യവകലന, ഗുണന, ഹരണ സെറ്റ്)
2. അണ്ടർസ്റ്റാന്റിംഗ് ഓഫ് ഐഡന്റിറ്റീസ്
3. ട്രയാങ്കിൾ ക്ലാസിഫിക്കേഷൻ
4. ഫ്രാക്ഷൻ സർക്കിൾ
5. പെഗ് ബോർഡ് വിത്ത് 100 പെഗ്സ്

### 4.4.4. നിർവ്വഹണം

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയിൽ വിദ്യാഭ്യാസം/സംസ്കാരം, കായിക-യുവജനകാര്യ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിലുള്ള സമിതിയാണ് നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. സ്കൂൾ പ്രധാനാദ്ധ്യാപകനാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ. വിദ്യാലയത്തിൽ പഠന സമയത്തിനിടയിലും, ഒഴിവുദിനങ്ങളിലും വേളകളിലും ചുമതലപ്പെട്ട അദ്ധ്യാപകരുടെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നത്.

**4.4.5. പദ്ധതി അടങ്കൽ** (2013-2014)

| ഫണ്ടിന്റെ സ്രോതസ്സുകൾ | തുക (രൂപ) |
|---|---|
| പ്രത്യേക ഘടക പദ്ധതി (എസ്.സി.പി.) | 2,79,010 |

**പദ്ധതി വ്യയം എൽ.പി. വിഭാഗം – 66 വിദ്യാർത്ഥികൾക്ക്**

| നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1. | സ്പൈക്ക്ഡ് അബാക്കസ് | 1570 x 66 = 1,03,680 |
| 2. | ഫ്രാക്ഷൻ സർക്കിൾ | |
| 3. | സംസ്ഥാന വിലസൂചിക | |
| 4. | പെഗ് ബോർഡ് | |
| | **ആകെ** | **1,03,680** |

**പദ്ധതി വ്യയം യു.പി. വിഭാഗം – 89 വിദ്യാർത്ഥികൾക്ക്**

| നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1. | ഫ്രാക്ഷൻ സർക്കിൾ | 1970 x 89 = 1,75,330 |
| 2. | പെഗ് ബോർഡ് വിത്ത് 100 പെഗ്സ് | |
| 3. | പോസിറ്റീവ് ആന്റ് നെഗറ്റീവ് ഇന്റിജേഴ്സ് ബോർഡ് | |
| 4. | പോസിറ്റീവ് ആന്റ് നെഗറ്റീവ് ഇന്റിജേഴ്സ് കോയിൻസ് | |
| 5. | ട്രയാംഗിൾ ക്ലാസ്സിഫിക്കേഷൻ | |
| 6. | അണ്ടർസ്റ്റാന്റിംഗ് ഓഫ് ഐഡന്റിറ്റി | |
| | **ആകെ** | **1,75,330** |

### 4.4.6. നേട്ടങ്ങൾ

- ഗണിതശാസ്ത്രത്തിൽ വിദ്യാർത്ഥികൾക്കിടയിൽ അഭിരുചി ഉണ്ടാക്കാനായി.

### 4.4.7. വെല്ലുവിളികൾ/പരിമിതികൾ

- ഇതര വിഭാഗത്തിൽപ്പെട്ടവർക്കും പഠനം ലഭ്യമാക്കാൻ കഴിയുന്നില്ല.



# 4.5. സംയോജിത ഖരമാലിന്യ സംസ്കരണ പദ്ധതി

### 4.5.1. പദ്ധതിയുടെ പ്രസക്തി

മാലിന്യത്തെ സമ്പത്താക്കി (Waste Makes Wealth) ഗാർഹിക ശുചിത്വം ഉറപ്പാക്കാനാകുന്ന പദ്ധതിയാണ് ബയോഗ്യാസ് പ്ലാന്റ്. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിച്ചുകൊണ്ട് പൊതുമാലിന്യ ഇടങ്ങൾ കുറയ്ക്കുക എന്നതാണ് പ്രോജക്ട് വിഭാവന ചെയ്യുന്നത്. മാലിന്യം കൊണ്ട് പാചകവാതകം വീടുകളിൽ തന്നെ ഉൽപ്പാദിപ്പിക്കുവാൻ ഈ പ്രോജക്ടിന് കഴിയുന്നു. ഇതിലൂടെ ഇന്ധന ഉപയോഗ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനാകുന്നു.

### 4.5.2. ഗുണഭോക്താക്കൾ

ജനറൽ വിഭാഗത്തിൽപ്പെട്ട 76 കുടുംബങ്ങളാണ് ഗാർഹിക ബയോഗ്യാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ.



**4.5.3. പ്രവർത്തനങ്ങൾ**

ആദ്യഘട്ടത്തിൽ 76 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽപ്പെടുത്തിയത്. ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് പാചകവാതക യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതികവിദ്യ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ് (SEUF) നൽകിയിട്ടുള്ളത്. 0.75$m^3$ ടൺ ശേഷിയുള്ളതാണ് ഓരോ ബയോഗ്യാസ് പ്ലാന്റും. വീടിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള പ്ലാന്റിൽ അടുക്കള മാലിന്യങ്ങൾ, അനുബന്ധമായുണ്ടാകുന്ന മറ്റു മാലിന്യങ്ങൾ എന്നിവ കൊണ്ടാണ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നത്. രണ്ട് മുതൽ മൂന്ന് മണിക്കൂർ വരെ പാചക വാതകം ഈ പ്ലാന്റിലൂടെ ലഭ്യമാക്കാൻ കഴിയുന്നു.

**4.5.4. നിർവ്വഹണം**

ശുചിത്വ മിഷന്റെ സ്പെസിഫിക്കേഷനോടുകൂടിയ പ്ലാന്റാണ് ഓരോ വീട്ടിലും സ്ഥാപിച്ചിരിക്കുന്നത്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയിൽ കുടിവെള്ളം, ശുചിത്വം (മാലിന്യപരിപാലനം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പാണ് മോണിറ്ററിംഗ് നടത്തുന്നത്. സമ്പൂർണ്ണ ശുചിത്വ കാമ്പെയിന്റെ ( TSC ) ഭാഗമായിട്ടാണ് പദ്ധതി നിർവ്വഹണം.

**4.5.5. പദ്ധതി അടങ്കൽ**

ഈ പദ്ധതിക്ക് 7,98,000 (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി എട്ട് ആയിരം) രൂപയാണ് പദ്ധതി അടങ്കൽ.

**പദ്ധതി അടങ്കൽ :**

**സംയോജിത ഖരമാലിന്യ സംസ്കരണം (2012-2013)**

| ഫണ്ടിന്റെ സ്രോതസ്സുകൾ | തുക (രൂപ) | ഒരു യൂണിറ്റിന് |
|---|---|---|
| പദ്ധതി വിഹിതം (വികസന ഫണ്ട്) | 1,94,000 | 10,500 തുക (രൂപ) |
| ശുചിത്വമിഷൻ | 4,10,000 | |
| ഗുണഭോക്തൃ വിഹിതം | 1,94,000 | |
| **ആകെ** | **7,98,000** | |

### പദ്ധതി വ്യയം

| ക്രമ നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1. | ഡോർ (ഫൈബർ) | 2,500 |
| 2. | പ്ലാന്റ് | 5,000 |
| 3. | ജാക്കറ്റ് | 1,500 |
| 4. | സ്റ്റൗ | 700 |
| 5. | പൈപ്പ് | 600 |
| 6. | ഫിറ്റിംഗ് ചാർജ്ജ് | 200 |
| | **ആകെ** | **10,500** |

**$0.75m^3$ ടൺ ബയോഗ്യാസ് പ്ലാൻ 76 എണ്ണം**
**= 10,500 x 76 = 7,98,000**

### 4.5.6. നേട്ടങ്ങൾ

- ഗാർഹിക ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കാൻ കഴിയുന്നു.
- ഗ്യാസിന്റെ അമിത വിലയും വർദ്ധിച്ചുവരുന്ന ഉപഭോഗവും ലഭ്യതക്കുറവും മറികടക്കാൻ ചെലവുകുറഞ്ഞ ഇന്ധനം വീടുകളിൽ തന്നെ നിർമ്മിക്കാൻ കഴിയുന്നു.
- ഊർജ്ജ ഉൽപ്പാദനത്തിൽ പൊതുസമൂഹത്തിന്റെ പങ്ക് ഉറപ്പാക്കുന്നു.

### 4.5.7. വെല്ലുവിളികൾ/പരിമിതികൾ

- ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളിൽ നിന്നുള്ള പാചക വാതകത്തിന് തീവ്രത വേണ്ടത്ര ഇല്ല എന്ന പരാതി.
- ശുചിത്വ മിഷൻ വിഹിതം യഥാസമയം ലഭ്യമല്ലാത്ത അവസ്ഥ.

# 4.6. മഴപ്പൊലിമ

### 4.6.1. പദ്ധതിയുടെ പ്രസക്തി

മഴപെയ്താൽ 24 മണിക്കൂറിനുള്ളിൽ വെള്ളം കടലിൽ പതിക്കുന്ന ഭൂപ്രകൃതിയാണ് കേരളത്തിന്റേത്. അതുകൊണ്ടുതന്നെ പെയ്യുന്ന മഴയുടെ തോതനുസരിച്ച് വെള്ളം ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങുന്നില്ല. ഇതു മൂലം ശുദ്ധജലക്ഷാമം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതിന് പരിഹാരമെന്ന നിലയിലാണ് ഗ്രാമപഞ്ചായത്തിലെ തീരദേശ പ്രദേശങ്ങളിലെ കിണറുകളിലെ ഉപ്പുരസമുള്ള വെള്ളത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിനും അവ ഉപയോഗപ്പെടുത്തുന്നതിനുമായി 'മഴപ്പൊലിമ' എന്ന കിണർ റീചാർജിംഗ് പ്രോജക്ട്. ജലസംരക്ഷണം സാധ്യമാക്കിയ ഈ മാതൃകാ പ്രോജക്ട് വിപുലീകരിക്കാനുള്ള ശ്രമത്തിലാണ് ഗ്രാമപഞ്ചായത്ത്.

### 4.6.2. ഗുണഭോക്താക്കൾ

ഗ്രാമപഞ്ചായത്തിലെ 36 കുടുംബങ്ങൾ : ജനറൽ - 27, പട്ടികജാതി വിഭാഗം - 9



### 4.6.3. പ്രവർത്തനങ്ങൾ

പ്രാരംഭ ഘട്ടത്തിൽ ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും രണ്ടു വീതം 36 വീടുകളിൽ മഴപ്പൊലിമ പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതിൽ 27 എണ്ണം പൊതുവിഭാഗത്തിലും 9 എണ്ണം പട്ടികജാതി വിഭാഗത്തിലുമാണ് നടപ്പിലാക്കിയത്. മഴക്കാലത്ത് ടെറസിലെ വെള്ളം പൈപ്പ് വഴി ശുദ്ധീകരണപ്രക്രിയയിലൂടെ കിണറുകളിലേക്ക് എത്തിച്ച് കിണർ റീചാർജ് ചെയ്യുന്നതോടൊപ്പം ഉപ്പുരസമുള്ള വെള്ളത്തിന്റെ കാഠിന്യം കുറക്കുന്നതിനും മഴപ്പൊലിമ എന്ന പദ്ധതി പ്രവർത്തനത്തിലൂടെ കഴിഞ്ഞു.

### 4.6.4. നിർവ്വഹണം

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ ജലവിതരണം-കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിലാണ് മഴപ്പൊലിമയുടെ നിർവ്വഹണം. സോഷ്യോ ഇക്കണോമിക്സ് യൂണിറ്റ് ഫൗണ്ടേഷനാണ് (SEUF) പദ്ധതി നടപ്പിലാക്കാനുള്ള നിർവ്വഹണ ഏജൻസി.

### 4.6.5. പദ്ധതി അടങ്കൽ

പദ്ധതി അടങ്കൽ തുക 1,62,000 (ഒരു ലക്ഷത്തി അറുപത്തി രണ്ടായിരം) രൂപയാണ്.

**മഴപ്പൊലിമ (2011-2012)**

| ഫണ്ടിന്റെ സ്രോതസ്സുകൾ | തുക (രൂപ) |
|---|---|
| വികസന ഫണ്ട് | 90,300 |
| എസ്.സി.പി. - ഫണ്ട് | 32,000 |
| ഗുണഭോക്തൃ വിഹിതം | 39,000 |
| **ആകെ** | **1,62,000** |

**പദ്ധതി വ്യയം : യൂണിറ്റ്**

| നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1. | കിണർ റീചാർജിംഗ് പദ്ധതിക്കാവശ്യമായ സാധനങ്ങൾ | 2,427 |
| 2. | പണികൂലി | 848 |
| 3. | മറ്റിനം | 100 |
| 4. | ഗുണഭോക്തൃ വിഹിതം | 1125 |
| | **ആകെ** | **4,500** |

**4.6.6. നേട്ടങ്ങൾ**

- പാഴാകുന്ന മഴവെള്ളം ഊഴ്ന്നിറങ്ങി ഭൂഗർഭ ജലസ്രോതസ്സ് സംരക്ഷിക്കപ്പെടുന്നു
- തീരദേശത്തെ കിണറുകളിൽ ഉപ്പുരസമുള്ള വെള്ളത്തിന്റെ കാഠിന്യം കുറക്കാൻ കഴിയുന്നു
- ജലദൗർലഭ്യത്തിന് പരിഹാരം
- വേനൽക്കാലത്തും കിണറുകളിൽ ജലനിരപ്പ് ഉയർത്താൻ കഴിയുന്നു
- പൊതുസമൂഹത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ കഴിയുന്നു.

**4.6.7. വെല്ലുവിളികൾ/പരിമിതികൾ**

- തീരദേശമായതിനാൽ ഗുണഭോക്താക്കൾ ഏറെ ആവശ്യപ്പെടുന്ന പദ്ധതിയാണ്. അതനുസരിച്ച് പദ്ധതി വ്യാപകമാക്കാൻ കഴിയുന്നില്ല.



# 4.7. അങ്കണവാടി സമഗ്രവികസന പദ്ധതി

### 4.7.1. പദ്ധതിയുടെ പ്രസക്തി

പ്രീ-സ്കൂൾ വിദ്യാഭ്യാസം, പോഷകാഹാര വിതരണം, പ്രതിരോധ കുത്തിവയ്പ്പുകൾ, ആരോഗ്യ സംരക്ഷണം, ആരോഗ്യ പോഷണ വിദ്യാഭ്യാസം എന്നിവയിലും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുഞ്ഞുങ്ങൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരുടെ സമഗ്രമായ വികസനത്തിനും നേരിട്ട് ബന്ധപ്പെടാനുള്ള കേന്ദ്രമെന്ന നിലയിൽ സംയുക്ത പ്രവർത്തന പരിപാടിയാണ് ശിശു വികസന പദ്ധതി (ICDS – Integrated Child Development Scheme).

ഓരോ പ്രദേശത്തേയും അങ്കണവാടികളാണ് ഇവയുടെ പ്രവർത്തന കേന്ദ്രം. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ 23 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 20 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. രണ്ട് അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന ഒരെണ്ണത്തിന് സ്ഥലം വാങ്ങാ



നുള്ള തയ്യാറെടുപ്പിലുമാണ്. എല്ലാ അങ്കണവാടികൾക്കും പാചകവാതക കണക്ഷൻ, വൈദ്യുതി, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ, ഭക്ഷണസാധനങ്ങൾ സൂക്ഷിക്കാനുള്ള പാത്രങ്ങൾ, ഫർണിച്ചറുകൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഫണ്ടുകളിലൂടെ അങ്കണവാടികൾക്ക് സ്വന്തമാക്കാനായിട്ടുണ്ട്.

### 4.7.2. ഗുണഭോക്താക്കൾ

ഗ്രാമപഞ്ചായത്തിലെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുഞ്ഞുങ്ങൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരടക്കം 4,897 പേരാണ് ഗുണഭോക്താക്കൾ.

| | | പൊതു വിഭാഗം | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ |
|---|---|---|---|---|---|
| 1. | കുട്ടികൾ (0-6 വയസ്സ്): | | | | |
| | പെൺകുഞ്ഞുങ്ങൾ | 726 | 230 | 01 | 957 |
| | ആൺകുഞ്ഞുങ്ങൾ | 709 | 227 | 01 | 937 |
| 2. | കൗമാര പ്രായക്കാർ (10-19 വയസ്സ്) : | | | | |
| | പെൺകുട്ടികൾ | 1144 | 311 | --- | 1455 |
| | ആൺകുട്ടികൾ | 1088 | 338 | --- | 1426 |
| 3. | ഗർഭിണികൾ | 28 | 32 | --- | 60 |
| 4. | മുലയൂട്ടുന്നവർ | 32 | 30 | --- | 62 |
| | **ആകെ** | **3727** | **1168** | **02** | **4897** |

### 4.7.3. പ്രവർത്തനങ്ങൾ

എല്ലാ അങ്കണവാടികൾക്കും ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ പ്രധാന കർമ്മപരിപാടികളിലൊന്നാണ്. ഇതിൽ 20 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ അങ്കണവാടികൾക്കെല്ലാം വൈദ്യുതി, കുടിവെള്ളം, ചുറ്റുമതിൽ, ഫർണിച്ചറുകൾ, ഗ്യാസ് കണക്ഷൻ മറ്റു അനുബന്ധ

സൗകര്യങ്ങൾ എന്നിവ ഗ്രാമപഞ്ചായത്ത് സജ്ജമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ട് ഉൾപ്പെടെ എം.എൽ.എ., എം.പി. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടുകളും പ്രാദേശിക വിഭവസമാഹരണത്തിലൂടെയും എല്ലാ അങ്കണവാടികൾക്കും ഭൗതിക സാഹചര്യം സൃഷ്ടിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് മികച്ച പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.

**4.7.4. നിർവ്വഹണം**

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിലാണ് നിർവ്വഹണ പ്രവർത്തനങ്ങൾ.

**4.7.5. പദ്ധതി അടങ്കൽ**

**അങ്കണവാടി സമഗ്ര വികസന പദ്ധതി (2012-2013)**

| നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1. | പദ്ധതിവിഹിതം | 36,39,614 |
| 2. | ധനകാര്യ കമ്മീഷൻ | 4,15,845 |
| 3. | NRMG (റോഡിതര ഫണ്ട്) | 18,32,828 |
| 4. | ബ്ലോക്ക് വിഹിതം | 3,69,997 |
| 5. | കേന്ദ്രവിഹിതം | 6,81,154 |
| 6. | തനത് ഫണ്ട് | 1,37,906 |
| 7. | എം.പി. ഫണ്ട് | 3,00,000 |
| 8. | സംഭാവന/ഗുണഭോക്തൃ വിഹിതം | 3,50,000 |
| **ആകെ** | | **77,27,044** |

## പദ്ധതി വ്യയം (2012-2013)

തുക (രൂപ)

| ക്രമ നമ്പർ | ഇനം | വികസന ഫണ്ട് | ധനകാര്യ കമ്മീഷൻ | NRMG | ബ്ലോക്ക് | കേന്ദ്രം | തനത് | എം.പി. | ഗുണ ഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1. | പോഷകാഹാരം | 31,90,879 | 4,15,845 | - | 3,69,997 | 6,81,154 | - | - | - | 46,57,875 |
| 2. | ജീവനക്കാർക്ക് ഓണറേറിയം | 2,47,636 | - | - | - | - | - | - | - | 2,47,636 |
| 3. | ഭൂമി വാങ്ങൽ | 1,29,241 | - | - | - | - | 72,276 | - | 3,50,000 | 5,51,517 |
| 4. | കെട്ടിട നിർമ്മാണം | - | - | - | - | - | - | 3,00,000 | - | 3,00,000 |
| 5. | ചുറ്റുമതിൽ | - | - | 10,77,861 | - | - | - | - | - | 10,77,861 |
| 6. | റിപ്പയറിംഗ് | - | - | 4,51,642 | - | - | - | - | - | 4,51,642 |
| 7. | ഫർണിച്ചർ | - | - | 2,16,453 | - | - | - | - | - | 2,16,453 |
| 8. | കളിക്കോപ്പുകൾ | - | - | 17,572 | - | - | - | - | - | 17,572 |
| 9. | വൈദ്യുതീകരണം | 15,130 | - | - | - | - | 65,630 | - | - | 80,760 |
| 10. | പാചക സൗകര്യം (ഗ്യാസ്) | | - | 69,000 | - | - | - | - | - | 69,000 |
| 11. | പാചക പാത്രങ്ങൾ | 56,728 | - | - | - | - | - | - | - | 56,728 |
| | **ആകെ** | **36,39,614** | **4,15,845** | **18,32,528** | **3,69,997** | **6,81,154** | **1,37,906** | **3,00,000** | **3,50,000** | **77,27,044** |

### 4.7.6. നേട്ടങ്ങൾ

- 6 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് വിഷയാധിഷ്ഠിത പഠന രീതി
- പോഷകാഹാര വിതരണം കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്നു.
- പ്രതിരോധ കുത്തിവയ്പ്പിന് സംവിധാനം
- സാമൂഹിക, ആരോഗ്യ ശാക്തീകരണ ബോധന പരിപാടികൾ
- പ്രദേശത്തെ സ്ത്രീകളുടേയും കുട്ടികളുടേയും പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഒരു കേന്ദ്രം

### 4.7.7. വെല്ലുവിളികൾ/പരിമിതികൾ

- ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ സ്വാധീനം
- സാമൂഹിക പദവി (Social Status) യിൽ പരിഗണനയില്ല

